# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3784 23/08/2017-ൽ മറുപടിക്ക്

## വൈദ്യുതി ഉപയോഗം

| | ചോദ്യം<br><br>ശ്രീ.റ്റി.വി.രാജേഷ് | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പ്രതിദിന വൈദ്യുതി ഉപയോഗം എത്രയാണ്; | (എ) | 2017 ആഗസ്റ്റ് മാസം 15-ാം തീയതിവരെയുള്ള കണക്ക് പ്രകാരം ആഗസ്റ്റ് മാസത്തിലെ പ്രതിദിന ശരാശരി ഉപഭോഗം 64.8244 ദശലക്ഷം യൂണിറ്റാണ്. |
| (ബി) | സംസ്ഥാനത്ത് നിന്നും പ്രതിദിനം എത്ര യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്; | (ബി) | 2017 ആഗസ്റ്റ് മാസം 15- ാം തീയതിവരെയുള്ള കണക്ക് പ്രകാരം സംസ്ഥാനത്ത് പ്രതിദിനം ശരാശരി 17.5432 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉത്പാദിപ്പിക്കുന്നു. |
| (സി) | വോൾട്ടേജ് കുറഞ്ഞ പ്രദേശങ്ങളിൽ പുതിയ ട്രാൻസ്ഫോമർ സ്ഥാപിക്കുന്നതിന് ഏതെങ്കിലും പ്രത്യേക പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | ഉണ്ട്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി വിതരണ മേഖലയിൽ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്ന പ്രവർത്തികൾ ചെയ്തു വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ വാർഷിക പദ്ധതി പ്രകാരം വോൾട്ടേജ് ഇംപ്രൂവ്മെന്റ്/സിസ്റ്റം ഇംപ്രൂവ്മെന്റ് പ്രവർത്തികളിലായി 1265 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിട്ടുണ്ട്.<br><br>കേന്ദ്രാവിഷ്കൃത പദ്ധതിയായ RAPDRP (പുനരാവിഷ്കൃത ഊർജ്ജിത ഊർജ്ജ പരിഷ്കരണ പദ്ധതി) പ്രകാരം 2935 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചു. പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികളായ, DDUGJY (ദീൻ ദയാൻ ഉപാദ്ധ്യായ ഗ്രാമ ജ്യോതി പദ്ധതി) യിൽ ഉൾപ്പെടുത്തി 525 ട്രാൻസ്ഫോർമറുകളും (ഗ്രാമ പ്രദേശങ്ങളിൽ). PDS (സംയോജിത ഊർജ്ജ വികസന പദ്ധതി)പ്രകാരം 800 ട്രാൻസ്ഫോർമറുകളും |

(--2)

| | | | |
|---|---|---|---|
| | | | (നഗരങ്ങളിലും, പ്രാന്തപ്രദേശങ്ങളിലും) സ്ഥാപിക്കുന്നതു വഴി വോൾട്ടേജ് കുറഞ്ഞ പ്രദേശങ്ങളിലെ വോൾട്ടേജ് മെച്ചപ്പെട്ടുത്തിയെടുക്കാൻ സാധിക്കും. |

സെക്ഷൻ ഓഫീസർ